# മഹാത്മാഗാന്ധി  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം  സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

***10.07.2025 (വ്യാഴാഴ്ച) 10.30  എ.എമ്മിന്***

**ചെയർമാൻ ശ്രീ. കെ. ബിജു ഐ.എ.എസ്**

(സെക്രട്ടറി പൊതുമരാമത്ത്-ട്യൂറിസം ഡിപ്പാർട്ട്മെന്റ്)- **ന്റെ**

**അധ്യക്ഷതയിൽ  ചേർന്ന  25-ാമത്  ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

**നടപടിക്കുറിപ്പ്**

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 10.07.2025 രാവിലെ 10.30 മണിക്ക് ചേർന്ന 25 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 25-ാമത് ഗവേർണിംഗ് ബോഡി യോഗം 2025 ജൂലൈ 10-ാം തീയതി രാവിലെ 10.30 ന് ബഹു. ചെയർമാൻ ശ്രീ. കെ.ബിജു ഐ.എ.എസ്സ് (സെക്രട്ടറി, പൊതുമരാമത്ത് & ടൂറിസം ഡിപ്പാർട്ട്മെന്റ്) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. കെ.ബിജു, ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എ. നിസാമുദ്ദീൻ ഐ.എ.എസ്, (ഡയറക്ടർ ജനറൽ കില)
4. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
5. ശ്രീ.എ.എൻ. പ്രഭാകരൻ (മെമ്പർ)
6. ശ്രീമതി. ഗിരിജ സുരേന്ദ്രൻ (മെമ്പർ)
7. ശ്രീ. കെ. അനിമോൻ (മെമ്പർ)
8. ശ്രീമതി. ശ്രീകുമാരി.ആർ ( എ.ജി.(ഓഡിറ്റ്-1), ഓഫീസ്,കേരള
9. ശ്രീമതി.സുലക്ഷണ.എസ്സ്., അസിസ്റ്റന്റ്ഡയറക്ടർ, വുമൺ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്
10. ശ്രീമതി. മിലൻ എലിസബത്ത് ജോർജ്ജ് (അണ്ടർസെക്രട്ടറി,എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ്) സെക്രട്ടറി, എൽ.എസ്.ജി.ഡി പ്രതിനിധി

### യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2025 മാർച്ച് 14-ാംതീയതി ചേർന്ന 24-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   24-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **24-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്**

   **തീരുമാനം:**

   24-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളും പ്രവർത്തന പുരോഗതിയും യോഗം വിലയിരുത്തുകയും അതിന്മേൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

Dr. N. RAMAKANTAN

GANDHI NREGA SOCIAL AUDIT SOCIETY KE... C.W.C. BUILDING L.M.S., PALAYAM ...VANDRUM -33

BIJU. K IAS

3. **2024-25 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള കണ്ടെത്തലുകളിന്മേൽ ഗണ്യമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞുവെന്ന് യോഗം വിലയിരുത്തുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിലൂടെ ഓഡിറ്റ് വൈദഗ്ദ്ധ്യം വളർത്തുന്നതിന് കഴിഞ്ഞു എന്നതിന്റെ തെളിവാണ് ഇഷ്യൂസ് കൂടുതലായി കണ്ടെത്തുന്നതിൽ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി എന്ന് യോഗം വിലയിരുത്തുകയുണ്ടായി.

തൊഴിലുറപ്പ് പദ്ധതിയിൽ സംയോജിത പദ്ധതികൾ കൂടുതലായി പ്രാബല്യത്തിൽ കൊണ്ടുവരണം എന്ന് ശ്രീമതി. ശ്രീകുമാരി, അക്കൗണ്ടന്റ് ജനറൽ ഓഫീസ് പ്രതിനിധി ചൂണ്ടിക്കാട്ടി. കാർഷികം, ജലസേചനം, വനം എന്നീ മേഖലകളിലെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് തൊഴിലുറപ്പ് പ്രവർത്തിക്കണമെന്നും, ശാസ്ത്രീയമായ രീതിയിലേക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾ മാറണം എന്നും ഗവേർണിംഗ് ബോഡി അംഗം ശ്രീ. എസ്. രാജേന്ദ്രൻ ചൂണ്ടിക്കാട്ടി. സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുന്ന നാലോ അഞ്ചോ പ്രവൃത്തികളിലേക്ക് മാത്രമായി തൊഴിലുറപ്പ് ഒതുങ്ങുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായമാകുന്ന നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എസ്.ഇ.ജി.സി-ലേക്കും ഗവൺമെന്റിലേക്കും ഒരു റിപ്പോർട്ട് തയ്യാറാക്കി നൽകണമെന്ന് യോഗം വിലയിരുത്തി.

4. **2024-25 വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ്. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിലെ ഇഷ്യൂസിന്മേൽ പഞ്ചായത്ത് സ്വീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളുടെ പുരോഗതി വിലയിരുത്തൽ റിപ്പോർട്ട്**

**തീരുമാനം:**

2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സമയബന്ധിതമായ പരിഹാരം കണ്ടെത്തുന്നതിനും ഇഷ്യൂസ് ഫലപ്രദമായി പരിഹരിക്കുന്നതിനും ഊർജ്ജിതമായ പരിശ്രമം തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷന്റെയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെയും ഭാഗത്തുനിന്നും കൂട്ടായി കൈക്കൊള്ളണമെന്ന് തീരുമാനിച്ചു. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ എ.റ്റി.ആർ സമർപ്പിക്കുന്നതിനായി മാത്രം ഒതുങ്ങാതെ ഓരോ കണ്ടെത്തലുകളും ആഴത്തിൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് അവ ആവർത്തിക്കാതിരിക്കാനുള്ള പരിശ്രമങ്ങൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും യോഗം വിലയിരുത്തി.

Dr. N. RAMAKANTAN
DIRECTOR

C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

BIJU. K IAS

5. **ദേശീയ സാമൂഹ്യ സഹായ-സുരക്ഷാ പെൻഷൻ (എൻ.എസ്.എ.പി.) പെൻഷൻ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പ്രവർത്തന പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഫീൽഡുതല വിലയിരുത്തൽ പൂർത്തിയാക്കാൻ കഴിഞ്ഞതിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ യോഗം അഭിനന്ദിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ക്രോഡീകരിച്ച് സംസ്ഥാനതല റിപ്പോർട്ടായി ഗവൺമെന്റിലേക്ക് എത്രയും വേഗം നൽകണമെന്നും ആവാസ് സോഫ്റ്റിൽ രേഖപ്പെടുത്തി നൽകുന്നതിന് ആവശ്യമായ സഹായം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് ലഭ്യമാക്കണമെന്നും യോഗം നിർദ്ദേശിക്കുകയുണ്ടായി.

6. **ദേശീയ സാമൂഹ്യ സഹായ-സുരക്ഷാ പെൻഷൻ (എൻ.എസ്.എ.പി.) പെൻഷൻ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പ്രവർത്തന പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

ദേശീയ സാമൂഹ്യ സഹായ-സുരക്ഷാ പെൻഷൻ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ, റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ഉൾപ്പെടെ ജൂലൈ മാസം പൂർത്തിയാക്കി ഫീൽഡ്തല വെരിഫിക്കേഷൻ 2025 ആഗസ്റ്റ് മാസം ആദ്യം ആരംഭിക്കണമെന്ന് യോഗം തീരുമാനിച്ചു. 2025 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസത്തിൽ ഫീൽഡ്തല വെരിഫിക്കേഷൻ പൂർത്തിയാക്കി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് 2025 നവംബർ മാസത്തിൽ സർക്കാരിന് സമർപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു.

7. **സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും പബ്ലിക് ഹിയറിംഗുകളും തത്സമയ റിപ്പോർട്ടിംഗ് നടത്തുന്നതിനായുള്ള പഞ്ചായത്ത് നിർണ്ണയ് ആപ്ലിക്കേഷന്റെ നിർവ്വഹണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

കേന്ദ്രഗ്രാമവികസന മന്ത്രാലയം രൂപം നൽകിയ "പഞ്ചായത്ത് നിർണ്ണയ് ആപ്ലിക്കേഷനിൽ" ജൂൺമാസത്തോടെ കേരളത്തിലെ 264 ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗ് യോഗങ്ങൾ തത്സമയം രേഖപ്പെടുത്തി നൽകിയതിൽ യോഗം സന്തുഷ്ടി രേഖപ്പെടുത്തുകയുണ്ടായി. ഒരു ബ്ലോക്കിലെ ഒരു ഗ്രാമപഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗ് യോഗം തത്സമയം രേഖപ്പെടുത്തി നൽകണമെന്ന ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശം കൂടുതൽ വിപുലീകരിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മാത്രവുമല്ല 2025-26 വർഷത്തെ ആദ്യപാദ സോഷ്യൽ ഓഡിറ്റിൽ മുഴുവൻ പഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗ് യോഗ നടപടിക്രമങ്ങൾ തത്സമയം രേഖപ്പെടുത്തി നൽകുകയെന്ന ലക്ഷ്യത്തോടെയാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നതെന്നും യോഗത്തെ അറിയിക്കുകയുണ്ടായി.

Dr. N. RAMAKANTAN

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

BIJU. K IAS

8. **ദേശീയ സാമൂഹ്യനീതി - ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെനടപ്പാക്കുന്ന വിവിധ സ്കീമുകളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

ദേശീയ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പാക്കി വരുന്ന നാല് ജില്ലകളിലെ വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി യോഗം വിലയിരുത്തുകയും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

9. **സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഓഫീസിൽ ഒരു ഓഫീസ് അറ്റൻഡന്റിനെ എംപ്ലോയ്- മെയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിന് അംഗീകാരം**

**തീരുമാനം:**

കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് ഒരു ഓഫീസ് അറ്റൻഡന്റിനെ നിയമിക്കുന്നതിനായുള്ള നിർദ്ദേശം യോഗം അംഗീകരിക്കുകയുണ്ടായി. ഇതിനായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുന്നതിനും ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഇന്റർവ്യൂ നടത്തുന്നതിനായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെലക്ഷൻ കമ്മിറ്റിക്ക് അനുമതി നൽകുകയും ചെയ്തു.

a. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ
b. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ജില്ല
c. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.തിരുവനന്തപുരം

10. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ട്രെയിനിംഗ് ഹാൾ കയ്യൊഴിഞ്ഞ സാഹചര്യത്തിൽ അവിടുത്തെ ഉപയോഗയോഗ്യമായതും ആവശ്യമില്ലാത്തതുമായ കസേരകൾ ലേലം ചെയ്ത് കയ്യൊഴിഞ്ഞതിന് അംഗീകാരം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിനായി വാടകയ്ക്ക് എടുത്തിരുന്ന പരിശീലന ഹാളിലെ കസേരകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി ലേലം ചെയ്ത നടപടിക്ക് അംഗീകാരം നൽകി.

11. **സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഓഫീസ് വാടക കുടിശ്ശിക നൽകുന്നതിന് അംഗീകാരം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശികയായി നിലനിൽക്കുന്ന 4,88,936/-രൂപ നൽകിയ നടപടിക്ക് യോഗം അംഗീകാരം നൽകി.

12. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം എക്സ്പെർട്ടിന്റെയും എൻ.എസ്.എ.പി. കൺസൾട്ടന്റിന്റെയും കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അംഗീകാരം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് എം.ഐ.എസ് എക്സ്പെർട്ട് ആയ ശ്രീമതി. നൈന മരിയ വർഗ്ഗീസിന്റെ കരാർ കാലാവധി 8.8.2025 അവസാനിക്കുന്ന സാഹചര്യത്തിൽ കരാർ കാലാവധി 9.8.2025 മുതൽ 8.8.2027 വരെ രണ്ട് വർഷക്കാലത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

Dr. N. RAMAKANTAN

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

BIJU. K IAS
PEN : 325228

അതോടൊപ്പം ദേശീയ സാമൂഹ്യ സഹായ-പെൻഷൻ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് കൺസൾട്ടന്റായ ശ്രീ. വി. അനിൽകുമാറിന്റെ കാലാവധി 22.06.2025-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനായി തുടർന്ന് ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

13. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സ്റ്റാഫിനും സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്കും വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ സേവനമനുഷ്ടിക്കുന്ന മുഴുവൻ സ്റ്റാഫിന്റെയും വേതനം/ ഹോണറേറിയം വർദ്ധിച്ചുവരുന്ന ജീവിത വില സൂചികയ്ക്കനുസരിച്ച് 5 ശതമാനം വാർഷിക വർദ്ധനയോടെ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും ഹോണറേറിയം 5 ശതമാനം വർദ്ധനയോടെ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രതിദിന വേതനം 600/-രൂപയിൽ(അറുനൂറ്) നിന്നും 660/- (അറുനൂറ്റി അറുപത്) രൂപയായി വർദ്ധിപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു. പുതുക്കിയ വേതനം/ഹോണറേറിയം 2025 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

14. **2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ വാർഷിക വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടിനും ബാലൻസ് ഷീറ്റിനും അംഗീകാരം**

**തീരുമാനം:**

2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ ഇന്റേണൽ ഓഡറ്റ് നടത്തി തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ടും ബാലൻസ് ഷീറ്റും യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു.

15. **2023-24, 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച അക്കൗണ്ട്സ് ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഓഡിറ്റ് റിപ്പോർട്ടിന് അംഗീകാരം**

**തീരുമാനം:**

2023-24, 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തി അക്കൗണ്ടന്റ് ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടും അതിന്മേൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കൈക്കൊണ്ട പരിഹാര നടപടികളും തുടർനടപടികളും സംബന്ധിച്ച് റിപ്പോർട്ട് യോഗം ചർച്ചചെയ്യുകയും സ്വീകരിച്ച പരിഹാര നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

യോഗം 11.00 മണിക്ക് അവസാനിക്കുകയുണ്ടായി.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**കെ.ബിജു ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
പൊതുമരാമത്ത് സെക്രട്ടറി & ടൂറിസം ഡിപ്പാർട്ട്മെന്റ്

Dr. N. RAMAKANTAN
DIRECTOR

C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

BIJU. K IAS
PEN : 325228
Secretary to Government